**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2663** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഉഡുപ്പി - കരിന്തളം 400 കെ.വി. ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉഡുപ്പി-കരിന്തളം 400 കെ.വി. ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ ആർഇസി ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടിബിസിബി വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400കെവി ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെവി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല.<br><br>ഉത്തര കേരളത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉഡുപ്പി-കരിന്തളം 400 കെ.വി പവർ ട്രാൻസ്മിഷൻ ലൈനിന്റെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കേണ്ടത് ആവശ്യമായതിനാൽ കർഷകർക്കും ഭൂവുടമകൾക്കും ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്നതിനായി ബഹു. വൈദ്യുതി വകുപ്പ് മന്ത്രിതലത്തിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും വിവിധ യോഗങ്ങൾ വിളിച്ചു ചേർത്ത് ചർച്ചകൾ നടത്തുകയുണ്ടായി. പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന വിഷയം സജീവമായി പരിശോധിച്ച് വരുന്നു. |
| (ബി) | നഷ്ടപരിഹാര തുക എങ്ങനെയാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉഡുപ്പി-കരിന്തളം 400 കെ.വി. വൈദ്യുതി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പാക്കേജും മറ്റു അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്യുന്നതിന് 22.01.2025-ന് കാസർഗോഡ് ജില്ലയിലെ എം.എൽ.എ-മാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുമായി വൈദ്യുതി വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ താഴെ പറയും പ്രകാരം നിർദേശങ്ങൾ ഉയർന്ന് വന്നിരുന്നു: |

| | | | |
|---|---|---|---|
| | | | 1. ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ നാല് മടങ്ങിന്റെ 85% (അതായത് ന്യായവിലയുടെ 340%).<br>2. ലൈൻ കടന്നുപോകുന്ന സ്ഥലത്തിന് (RoW) ഭൂമിയുടെ വിലയുടെ രണ്ടു മടങ്ങിന്റെ 15% (അതായത് ഭൂമിവിലയുടെ 30%).<br>3. മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് കാസർഗോഡ് ജില്ലാ കളക്ടർ നിശ്ചയിക്കും പ്രകാരമുള്ള വിലയാണ് കണക്കാക്കേണ്ടത്. കൂടാതെ ലൈൻ കടന്നുപോകുന്ന സ്ഥലം നിരപ്പ് ഭൂമിയാണെങ്കിൽ 46 മീറ്റർ വീതിയിൽ Tree cutting Compensation കണക്കാക്കണം. താഴ്ചയുള്ള പ്രദേശങ്ങളിൽ 30 മീറ്റർ വീതിയിൽ Tree cutting Compensation കണക്കാക്കാവുന്നതാണ്.<br>4. ഭൂമിയുടെ ന്യായവില 5000/- രൂപയേക്കാൾ കുറഞ്ഞ സ്ഥലങ്ങളിൽ ന്യായവില 5000/- രൂപയായി നിജപ്പെടുത്തി നഷ്ടപരിഹാരം കണക്കാക്കാവുന്നതാണ്.<br><br>മേൽ സൂചിപ്പിച്ച പ്രകാരമുള്ള നഷ്ടപരിഹാരപാക്കേജ് രൂപീകരണം സംബന്ധിച്ച അന്തിമ തീരുമാനം ഉചിത തലത്തിൽ ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടപരിഹാരം കണക്കാക്കുന്ന രീതിയിൽ വ്യക്തത വരികയുള്ളൂ. |
| (സി) | നഷ്ടപരിഹാരം പൂർണ്ണമായി നൽകി പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ ആർഇസി ട്രാൻസ്മിഷൻ പ്രോജക്റ്റ് കമ്പനി ലിമിറ്റഡ് ടിബിസിബി വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400കെവി ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെവി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെഎസ്ഇബി ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല.<br><br>പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്നതിനായി ബഹു. വൈദ്യുതി വകുപ്പ് മന്ത്രിതലത്തിൽ ഉദ്യോഗസ്ഥരുടേയും മറ്റ് ജനപ്രതിനിധികളുടേയും വിവിധ യോഗങ്ങൾ വിളിച്ച് ചേർത്ത് ചർച്ചകൾ നടത്തുകയുണ്ടായി. പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുന്ന വിഷയം സജീവമായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ